# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഐക്കരനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി1/724/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/06/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി1/724/2021 തീയ്യതി: 30/06/2021

## എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്. കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ , ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീ. വിജു. എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി. മേഴ്സി. കെ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

<u>(ബി)നിർവഹണാധികാരികൾ</u>

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ. രാജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു. ആർ | സെക്രട്ടറി | 01-04-2019 | 31-08-2019 |
| ശ്രീമതി.രശ്മി. എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2019 | 04-09-2019 |
| ശ്രീമതി.ജാനറ്റ് പോൾ | സെക്രട്ടറി | 05-09-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രശ്മി. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-11-2019 |
| ശ്രീ.ഹെബിമോൻ എബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01-12-2019 | 12-12-2019 |
| ശ്രീ. അബ്ദുൾ ലത്തീഫ്.പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 13-12-2019 | 31-03-2020 |
| ശ്രീ.ജോസ്.എം.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ശ്രീ.അജയകുമാർ.എ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| ശ്രീമതി.അഞ്ജുപോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സിമലു പി ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. വന്ദന വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ജോബി വർഗ്ഗീസ് | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ ആയുർവ്വേദം | | |
| ഡോ.അനീഷ് ബേബി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, | 01-04-2019 | 31-03-2020 |
| ഡോ.ലെന മേരി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ.ജോബിൻ എസ്.കെ | വി.ഇ.ഒ. കോലഞ്ചേരി | 01-04-2019 | 16-09-2019 |
| ശ്രീ. അനൂപ് പോൾ | വി.ഇ.ഒ. ഇൻ ചാർജ്ജ് | 17-09-2019 | 20-10-2019 |
| ശ്രീമതി. നീതു ജോൺസൺ | വി.ഇ.ഒ. കോലഞ്ചേരി | 21-10-2019 | 03-12-2019 |
| ശ്രീ. ഐ.വി.ഐസക്ക് | വി.ഇ.ഒ. കോലഞ്ചേരി | 04-12-2019 | 31-03-2020 |
| ശ്രീ. അനൂപ് പോൾ | വി.ഇ.ഒ, കടയിരിപ്പ് | 01-04-2019 | 31-03-2020 |
| ശ്രീമതി. കുസുമം.എൻ.എം | ഹെഡ്മിസ്ട്രസ് യു.പി.എസ് കടമറ്റം | 01-04-2019 | 31-05-2019 |
| ശ്രീമതി. ജയ കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.സ്ലീബ | ഹെഡ് മാസ്റ്റർ.യു.പി.എസ് കടമറ്റം | 01-06-2019 | 31-03-2020 |

അസിസ്റ്റന്റ് എഞ്ചിനീയർ 20.7.19,21.7.19 എന്നീ തിയതികൾ വേക്കന്റ് ആണ്.

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 22-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Aneesh R (Auditor, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 23-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Sudha Jacob (Audit Officer, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sudha Jacob (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-5 |
| 8 | സ്റ്റാന്റിംഗ് കമ്മിറ്റികൾ / വർക്കിംഗ് ഗ്രൂപ്പുകൾ<br>Written By: Sudha Jacob (Audit Officer, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-5-1 |
| 9 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-6 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-7 |
| 11 | ക്ഷേമപദ്ധതികൾ<br>Written By: C.C Jyothimon (Audit Officer, On 23-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-8 |
| 12 | ക്യാഷ് പരിശോധന<br>Written By: Aneesh R (Auditor, On 23-06-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-06-2021) | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Mercy KP (Auditor, On 23-06-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-06-2021) | 1-10 |
| 14 | ഓഡിറ്റ് ഇംപാക്ട്<br>Written By: Aneesh R (Auditor, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-11 |
| 15 | ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-12 |
| 16 | ഹഡ്കോ വായ്പ - പലിശ ലഭിച്ച തുക തിരിച്ചടക്കുവാനുള്ള വായ്പയായി കണക്കാക്കിപ്പോരുന്നു<br>Written By: Viju M S (Senior Grade Auditor, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-13 |

| | | |
|---|---|---|
| 17 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-14 |
| 18 | തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉപയോഗിക്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-15 |
| 19 | ഭീമമായ വെള്ളക്കരം നല്കുന്നു<br>Written By: Viju M S (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-16 |
| 20 | വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് -മോണിറ്ററിംങ് നടത്താതെ തുക നല്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-17 |
| 21 | നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാത്ത ഗുണഭോക്താവിനും വിവാഹ ധനസഹായം നൽകി<br>Written By: Sudha Jacob (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-18 |
| 22 | ദുരിതാശ്വാസനിധി - പ്രവർത്തനം കാര്യക്ഷമമാണ്.<br>Written By: Aneesh R (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-19 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.<br>Written By: Aneesh R (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-20 |
| 24 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Aneesh R (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-21 |
| 25 | 2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തില്ല.<br>Written By: Aneesh R (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-22 |
| 26 | ഹെഡ് മാസ്റ്റർ , ഗവ. യു. പി. സ്ക്കൂൾ നിർവഹണം നടത്തിയ പ്രോജക്ട്<br>Written By: Mercy KP (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-23 |
| 27 | മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Aneesh R (Auditor, On 27-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-24 |
| 28 | വിതരണ വിവരമില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sudha Jacob (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-25 |
| 29 | മെഡിക്കൽ ഓഫീസർ, സി. എച്. സി., കടയിരിപ്പ് നിർവഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Mercy KP (Auditor, On 28-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 1-26 |
| 30 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- രേഖകൾ പൂർണമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sudha Jacob (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-27 |
| 31 | | 1-28 |

| | | |
|---|---|---|
| | മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | |
| 32 | കരാറുകാരനിൽ നിന്നും നിശ്ചിത നിരക്കിൽ വരുമാന നികുതി ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-29 |
| 33 | കാലിവീപ്പയുടെ വിലയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Bindu L (Computer Assistant, On 30-06-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: C.C Jyothimon (Audit Officer, On 24-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 25-06-2021)<br>Last Updated By: Bindu L (Computer Assistant, On 30-06-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 25-06-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.02.2020ലെ ഒമ്പതാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 139093671 | 185897680 |
| വാർഷിക കണക്ക് പ്രകാരം | 63469405 | 56971221 |

### 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിതവരവ് 13,90,93,671/-രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 6,34,69,405/-രൂപ മാത്രമാണ്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതരത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 8.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101, 104 നമ്പർ ശീർഷകങ്ങളിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 24657/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ട താണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

2.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6498184/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5887533/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കിന് സാധിച്ചിട്ടില്ല.

4. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷ പർച്ചേസുകളുടെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്,ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5.വാർഷിക ധനകാര്യ പത്രിക ബി- 5 ഷെഡ്യൂൾ പ്രകാരം 29700 രൂപ ഹഡ്കോയിൽ നിന്നുള്ള വായ്പ തിരിച്ചടക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം വായ്പയിനത്തിൽ 989രൂ ലഭിച്ചിട്ടുള്ളതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക യഥാർത്ഥത്തിൽ ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പ തുകയ്ക്ക് വിവിധ കാലയളവിൽ ലഭിച്ചിട്ടുള്ള പലിശയാണെന്ന് കാണുന്നു. നിക്ഷേപത്തിന് ലഭിക്കുന്ന പലിശ പുതിയ വായ്പയായി കണക്കാക്കുന്ന രീതി ശരിയല്ല.

6.S0021/2020 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രൊജക്ടിൽ എണ്ണയ്ക്കാമോളം കോളനി പ്രദേശത്ത് പോസ്റ്റ് (PK 37/12) മാറ്റി സ്ഥാപിക്കുന്നതിന് 18303/- രൂപ പട്ടിമറ്റം കെഎസ്ഇബി ഇലക്ട്രിക് സെക്ഷന് ഡെപ്പോസിറ്റായി തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ടി വർക്ക് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. എന്നാൽ, ടി തുക Advance To Implementing Agencies - Deposit With Kerala Electricity Board (4605000202) എന്ന ഹെഡ്ഡിൽ ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്യുന്നതിന് പകരം ചെലവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 9343574 | 9343574 | 7330993 | 2012581 (Lapsed) |
| വികസന ഫണ്ട്-എസ്.സി.പി | 00 | 9025000 | 9025000 | 4633846 | 4391154 (Lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 00 | 160000 | 160000 | 85000 | 75000 (Lapsed) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 00 | 7143761 | 7143761 | 1885129 | 5258632 (Lapsed) |
| മെയിന്റനൻസ്, റോഡ് | 00 | 20247000 | 20247000 | 8953813 | 11293187 (Lapsed) |
| മെയിന്റനൻസ്-റോഡിതരം | 00 | 3251000 | 3251000 | 1393825 | 1857175 (Lapsed) |
| NABARD | 00 | 1173334 | 1173334 | 1173334 | 00 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ARWSS | 00 | 227169 | 227169 | 00 | |
| ഐ.സി.ഡി.എസ് | 697581 | 1864129 | 2561710 | 826632 | 1735078 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈബ്രറി ഗ്രാന്റുകൾ | 00 | 23520 | 23520 | 23520 | 00 |
| ലിറ്ററസി | 4569 | 735 | 5304 | 00 | 5304 |
| മറ്റ് ഗ്രാന്റുകൾ ശുചിത്വ മിഷൻ | 1632000 | 00 | 1632000 | 140000 | 1492000 |

വികസന ഫണ്ട് ജനറൽ- ആകെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 7330993 രൂപയും വാർഷിക ധനകാര്യ പത്രിക I-6 പത്രിക പ്രകാരം 7331419 രൂപയുമാണ്. ഇവ തമ്മിൽ 426രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരംലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് .എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 19-20 | 197 | 93455097 | 123 | 40042490 | 00 | 74 | 62.4 |

### 1-5-1 സ്റ്റാന്റിംഗ് കമ്മിറ്റികൾ / വർക്കിംഗ് ഗ്രൂപ്പുകൾ

സ്റ്റാന്റിംഗ് കമ്മിറ്റികൾ

പൊതുഭരണം, ധനകാര്യം, വാർഷികപദ്ധതിപ്രവർത്തനങ്ങൾ, വികസനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ ഉൾപ്പെടെ നിയമപ്രകാരം നിർണ്ണയിച്ചുനൽകിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും ചുമതലകൾ നിറവേറ്റുന്നതിനുമുള്ള വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെങ്കിലും എടുത്ത തീരുമാനങ്ങളിലുള്ള പ്രവർത്തനപുരോഗതി തുടർന്ന് വിലയിരുത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിലുണ്ട്. പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല. 19-20 വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്. ഇവയിൽ തന്നെ മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് എഴുതിയിട്ടുമില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല.

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65596590 |
| വരവ് | 63469405 |
| ആകെ | 129065995 |
| ചെലവ് | 56971221 |
| നീക്കിയിരിപ്പ് | 72094774 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 304503 |

## 1-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 40055 | 699346 | 739401 | 702850 | 31151 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 7432474 | 7432474 | 7432474 | 00 |
| ആകെ | 40055 | 8131820 | 8171875 | 8140724 | 31151 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 20520 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 1180800 | 290 |
| വിധവാപെൻ ഷൻ | 2482200 | 714 |
| വാർദ്ധക്യകാല പെൻഷൻ | 3822600 | 1203 |
| വികലാംഗപെൻഷൻ | 531000 | 140 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായ മായ വനിതകൾക്കുള്ള ധനസഹായം | 144000 | 41 |
| വിധവകളുടെ പെൺമക്കളു ടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധ നയിൽ 30/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പ കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ഗ്രാമപഞ്ചായത്തിൻെറ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കുന്നതിനായി വിവിധ ഇടപാടുകാർക്ക് നൽകുന്ന ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി ആണോ നൽകുന്നത് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി ( നം. 4) നൽകിയിരുന്നു. നിലവിൽ ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി അല്ല നൽകുന്നതെന്നും ഭാവിയിൽ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി നൽകാമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ബിനാമി ഇടപാടുകളുടെ അപകടസാധ്യത ഒഴിവാക്കുന്നതിന് പണമിടപാടുകളിൽ ബാങ്കിംഗ് നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| എൻക്വയറി നം./തിയതി | ഇനം | രസീത് നം. തിയതി | തുക |
|---|---|---|---|
| നേരിട്ടുള്ള അന്വേഷണം | ലൈസൻസ് ഫീസ് | 121010500075/23.06.2021 | 10000 |
| 19/24.06.2021 | കെട്ടിട റെഗുലറൈസേഷൻ ഫീസ് | 12121010100569/25.06.2021 | 1724 |
| ആകെ | | | 11724 |

## 1-12 ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല

19-20 സാമ്പത്തിക വർഷത്തിൽ 8/19, 2/20 മാസങ്ങളിൽ മാത്രമാണ് യോഗം ചേർന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള യോഗങ്ങൾ മാത്രമാകുന്നു. നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കേണ്ടതാണ്.

## 1-13 ഹഡ്കോ വായ്പ - പലിശ ലഭിച്ച തുക തിരിച്ചടക്കുവാനുള്ള വായ്പയായി കണക്കാക്കിപ്പോരുന്നു

വാർഷിക ധനകാര്യ പത്രിക ബി- 5 ഷെഡ്യൂൾ പ്രകാരം 29700 രൂപ ഹഡ്കോയിൽ നിന്നുള്ള വായ്പ തിരിച്ചടക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം വായ്പയിനത്തിൽ 989രൂ ലഭിച്ചിട്ടുള്ളതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക യഥാർത്ഥത്തിൽ ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പ തുകയ്യ്ക്ക് വിവിധ കാലയളവിൽ ലഭിച്ചിട്ടുള്ള പലിശയാണെന്ന് കാണുന്നു. നിക്ഷേപത്തിന് ലഭിക്കുന്ന പലിശ പുതിയ വായ്പയായി കണക്കാക്കുന്ന രീതി ശരിയല്ല. UBI യുടെ കടയിരിപ്പ് ബ്രാഞ്ചിലുള്ള 33850201000813 നമ്പർ അക്കൗണ്ടിൽ 19.2.2009ൽ 224289/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇതിൽ നിന്നും 3.4.2012 വരെ വിവിധ ഗുണഭോക്താക്കൾക്കായി 218000/-രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച കാലയളവിൽ മാത്രം 18023/-രൂപ പ്രസ്തുത വായ്പ തുകയ്ക്ക് പലിശ ലഭിച്ചിട്ടുള്ളതായും കാണുന്നു. ഹഡ്കോ വായ്പ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ വായ്പതുക മുഴുവനായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. പ്രസ്തുതഅക്കൗണ്ടിൽ നീക്കിയിരിപ്പായി കാണുന്ന തുക വായ്പയിനത്തിൽ ലഭിച്ച തുകയാണോ വായ്പാ നിക്ഷേപത്തിന് ലഭിച്ച പലിശമാത്രമാണോ എന്നത്

രേഖകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിൽ തുടർവർഷങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് 21.06.2021ൽ നൽകിയ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-14 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും (കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204). ആയതിനാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 21/19-20 | ഫിയ പാക്കേജിംഗ്, പഴന്തോട്ടം | 8 |
| 2 | 34/19-20 | മന്ന ടയർ റിട്രേഡിംഗ്, കോലഞ്ചേരി | 16 |
| 3 | 38/19-20 | മെഗാടെക് പോളിമേഴ്സ്, പാങ്കോട് | 12 |
| 4 | 73/19-20 | ബ്രൈറ്റ് ഇൻഡോർ സർവീസസ്, പാങ്കോട് | 7 |
| 5 | 147/19-20 | കാമിനോ യമഹ, കോലഞ്ചേരി | 8 |
| 6 | 164/19-20 | മംഗളം പ്രിന്റേഴ്സ് & പാക്കേജസ്, കടയിരുപ്പ് | 6 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/24.06.2021) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉപയോഗിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 / ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ എസ്.ബി.റ്റി,കോലഞ്ചേരി ബാങ്കിലും (അക്കൗണ്ട് നം.6730859037) കോലഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലുംഇ 172 (അക്കൗണ്ട് നം 3041) എസ്.ബി.ഐ കോലഞ്ചേരി( ഇ പേയ്മെന്റ് അക്കൗണ്ട്) കോലഞ്ചേരി ഡി.സി.ബി ബാങ്കിലും(അക്കൗണ്ട് നം 281/3)മായാണ്

നിക്ഷേപിക്കുന്നത്. സർക്കുലറിന് വിരുദ്ധമായി അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 24.06.2021 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് അവശ്യമായ ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്തിൽ പരിപാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഭീമമായ വെള്ളക്കരം നല്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുടിവെള്ളം നൽകുന്നതിനായി 384 പൊതുടാപ്പുകളാണുള്ളത്. പ്രതിമാസം 168000/- രൂപയാണ് കുടിവെള്ളക്കരമിനത്തിൽ പഞ്ചായത്തിൽ നിന്ന് നല്കുന്നത്. ഒരു വർഷത്തിൽ 2016000/- രൂപയാണ് ഈയിനത്തിൽ പഞ്ചായത്തിൽ നിന്ന് നല്കുന്നത്.വില്ലേജ് എക്സ്റ്റഷൻ നിർവ്വഹണോദ്യോഗസ്ഥനായി മുൻ സാമ്പത്തിക വർഷങ്ങളിൽ ഗാർഹിക കുടിവെള്ള കണക്ഷനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയിട്ടുണ്ട്. ആയത് പരിഗണിച്ചാൽ വ്യക്തിഗത കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വർഷന്തോറും വർദ്ധിക്കുന്നതായി കാണാവുന്നതാണ്. എന്നാൽ കുടിവെള്ളക്കരമിനത്തിൽ ഭീമമായ തുക പഞ്ചായത്തിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടിയും വരുന്നു. ആയത് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കണ്ടെത്തുന്നതിനും ആയതിന്റെ കണക്ഷൻ വിഛേദിക്കുന്നതിനുമായി ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 24.06.2021നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല, ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും, പഞ്ചായത്ത് ഓഫീസിന്റേയും വെള്ളക്കരം കൂടാതെയുള്ള തുകയാണിത്. ആയതിനാൽ അടിയന്തരമായി തന്നെ കേരള വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും ,ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കണ്ടെത്തി ആയതിന്റെ കണക്ഷൻ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് -മോണിറ്ററിംങ് നടത്താതെ തുക നല്കുന്നു.

| | |
|---|---|
| പ്രോജക്ട് നം,പേര് | 137/19-20, വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| അടങ്കൽ, ചെലവ് | 272120, ചെലവ് 180642 |
| ബിൽ നം,തീയതി | 01/19-20, 22/06/19, 61450<br>04/19-20,05/08/19 , 7880<br>10/19-20, 16/12/19, 78250<br>27/19-20, 18.03.20, 33062 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, കോലഞ്ചേരി |

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലേയും പ്ലാസ്റ്റിക്ക് കുപ്പികളും മറ്റ് പ്ലാസ്റ്റിക്ക് വസ്തുക്കളും ഹരിതകർമ്മ സേന വഴി ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എല്പിക്കുകയും ആയത് ശുചിത്വ മാലിന്യസംസ്കരണ ഹരിതസഹായ സ്ഥാപന നടത്തിപ്പിന് സഹായ സഹകരണങ്ങൾ നല്കുന്ന ഏജൻസിയായ Northamps ENV Solutions എന്ന സ്ഥാപനം വഴി ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന ഹരിതകർമ്മസേന എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന ഭവനങ്ങളിലും നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾക്കും, അജൈവമാലിന്യങ്ങൾക്കുമായി ഓരോ എ.പി.എൽ കുടുംബത്തിൽ നിന്നും 30/- രൂപ നിരക്കിൽ നേരിട്ട് ഫീസ് ഈടാക്കുന്നു. ബി.പി.എൽ കുടുംബത്തിന്റെ വിവരം ഹരിത കർമ്മ സേന നല്കുന്ന ലിസ്റ്റ് പ്രകാരം വയബിലിറ്റ് ഗ്യാപ്പ് ഫണ്ട്

നല്കുന്ന നിർവ്വഹണോദ്യോഗസ്ഥൻ ഒരു കുടുംബത്തിന് 30 രൂപ നിരക്കിൽ ലഭ്യമാക്കിയ കുടുംബത്തിന്റെ എണ്ണമനുസരിച്ച് തുക അനുവദിക്കുകയാണ് ചെയ്യുന്നത്. ഇതാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്നത് കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ഫയൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 22.06.2021 ൽ നല്കിയ 6ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ എപി.എൽ വിഭാഗത്തിൽ നിന്നും ലഭിച്ച യുസർഫീ ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണെന്നും മേൽത്തുകയിൽ 19080 രൂപ വാഹനവാടകയിനത്തിലും 5590 രൂപ സ്റ്റേഷണറി വാങ്ങുന്നതിനുമായാണ് ചെലവഴിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധമായ അപാകതകളും ആയതിനുള്ള നിർദ്ദേശങ്ങളും താഴെച്ചേർക്കുന്നു.

ഹരിതകർമ്മസേന പ്ലാസ്റ്റിക്കും മറ്റ് അജൈവ വസ്തുക്കളും ശേഖരിച്ച ബി.പി.എൽ കുടുംബങ്ങളുടെ ലിസ്റ്റ് മാത്രമേ ഫയലിൽ നിന്ന് ലഭ്യമാകുന്നുള്ളൂ. എ.പി.എൽ വിഭാഗത്തിന്റെ വിവരവും അവരിൽ നിന്ന് ഈടാക്കിയ തുകയുടെ വിവരവും ലഭ്യമല്ല. എ.പി.എൽ വിഭാഗത്തിൽ നിന്ന് ആവശ്യമായ ഫണ്ട് ഹരിതകർമ്മ സേനയ്ക്ക് ലഭിക്കുന്നുണ്ടെങ്കിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കേണ്ടതില്ല. എന്നാൽ ഫയലിൽ എ.പി.എൽ ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ലഭിച്ച ഫീസ് എത്രയാണ് വ്യക്തമല്ല. ആയതിനാൽ ലഭിച്ച ഫീസ് വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓരോ വാർഡിലും രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേനയുടെ പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി നല്കിയ ബി.പി.എൽ ലിസ്റ്റ് അതേപ്രകാരം അംഗീകരിച്ച് പണം നല്കുക മാത്രമാണ് നിർവ്വഹണോദ്യാഗസ്ഥൻ ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ ഓരോ വാർഡിനേയും പ്രതിനിധികരിക്കുന്ന വാർഡ് മെമ്പറുടേയോ, പഞ്ചായത്ത് പ്രസിഡന്റിന്റേയോ, പഞ്ചായത്ത് സെക്രട്ടറിയോ ബി.പി.എൽ ലിസ്റ്റ് അംഗീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബന്ധപ്പെട്ട നിർവ്വഹണാധികാരികൾ സാക്ഷ്യപ്പെടുത്തിയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതുമായ ബി.പി.എൽ ,എ.പി.എൽ ലിസ്റ്റുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ നിന്ന് ലഭ്യമല്ല. പദ്ധതി സംബന്ധമായ ഓരോ ഘട്ടത്തിലേയും നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഹരിതകർമ്മസേന ശേഖരിച്ച് മെറ്റിരീയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന് നല്കുന്ന പ്ലാസ്റ്റിക്കും മറ്റ് അജൈവ വസ്തുക്കളും തരംതിരിച്ച് നല്കാത്തത് നിമിത്തം ആയത് ക്ലീൻ കേരള കമ്പനിക്ക് കൃത്യമായി നല്കുവാൻ കഴിയുന്നില്ല എന്ന എം.സി,എഫ് സെന്റർ കോർഡിനേറ്ററുടെ പരാതിയെത്തുടർന്ന് 07.01.2020ലെ പഞ്ചായത്ത് കമ്മറ്റിയുടെ 11(1) തീരുമാനപ്രകാരം ഹരിത കർമ്മസേന ഓരോ വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക്കും മറ്റ് അജൈവ വസ്തുക്കളും തരംതിരിച്ച് നല്കണമെന്ന് തിരുമാനമെടുത്തിട്ടുണ്ട്. മേൽ തീരുമാനത്തിൽ നിന്ന് തന്നെ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് വ്യക്തമാണ്. ആയതനുസരിച്ച് ബന്ധപ്പെട്ട നിർവ്വഹണാധികാരികൾ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുമുണ്ട്.

യൂസർ ഫീ ഈടാക്കുന്നതിന് ഉപയോഗിക്കുന്ന രസീത് ബുക്കുകളും ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററുകളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. മേൽ പ്രകാരം സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെവഴിച്ച 180642/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാത്ത ഗുണഭോക്താവിനും വിവാഹ ധനസഹായം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം പദ്ധതിയിൽപ്പെടുത്തി (പ്രോ.നം.67)12 പേർക്ക് 75000/- വീതം ആകെ 900000/- രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ) 2438/2018/തസ്വഭവ/17-9-18, സ.ഉ(സാധാ)2960/2018/ത.സ്വ.ഭ.വ/21-11-18 എന്നിവ പ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള കാലപരിധി 90 ദിവസം എന്നത് 6 മാസമായി വർദ്ധിപ്പിയ്ക്കുകയും കാലപരിധിയ്ക്കകം അപേക്ഷിയ്ക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ധനസഹായം കൈപ്പറ്റിയ ശ്രീമതി കുമാരി മാധവൻ,നെല്ലിപ്പള്ളിൽ വീട്, കടമറ്റം പി.ഒ എന്ന ഗുണഭോക്താവ് തന്റെ മകളുടെ വിവാഹം കഴിഞ്ഞു (8/18ൽ) ഏകദേശം ഒരു വർഷമായപ്പോളാണ് ധനസഹായത്തിന് അപേക്ഷ സമർപ്പിയ്ക്കുന്നത് (7/19 ൽ). എന്നാൽ ഈ വിഷയത്തിൽ ഒരു പഞ്ചായത്ത് കമ്മിറ്റി തീരുമാനം പോലും സ്വീകരിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിയ്ക്കുന്നതിൽ കർശനശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-19 ദുരിതാശ്വാസനിധി - പ്രവർത്തനം കാര്യക്ഷമമാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. SB 281/15 കേരള ബാങ്കിന്റെ കോലഞ്ചേരി ബ്രാഞ്ച്). ദുരിതാശ്വാസനിധിയുടെ 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 89468 | 56812 | 146280 | 33500 | 112780 |

പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും അർഹരായവർക്ക് പരമാവധി 5000/- രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ആകെ 33500/- രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണ്.

## 1-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെയായി പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാള്യം 1 ആർട്ടിക്കിൾ 282-5(സി) പ്രകാരം 3 സാമ്പത്തിക വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

1)കോൺട്രാക്ടറുടെ ഇ.എം.ഡി (340100101)

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 27.05.2015 | 115010/ 3145 | ശ്രീ. രെജി.കെ.വി | 800 |
| 21.12.2015 | 115010/ 3156 | ശ്രീ. വിജയൻ നായർ | 4400 |
| 21.12.2015 | 115010/ 3160 | ശ്രീ. വിജയൻ നായർ | 3700 |
| 21.12.2015 | 115010/ 3162 | ശ്രീ. വിജയൻ നായർ | 4300 |

| | | | |
|---|---|---|---|
| 21.12.2015 | 115010/ 3166 | ശ്രീ. വിജയൻ നായർ | 2500 |
| 21.12.2015 | 115010/ 3165 | ബെൻക്യ ഹെൽത്ത് കെയർ | 5000 |
| 27.07.2015 | 115010/ 3135 | വി2 ഇൻഡസ്ട്രീസ് | 3000 |
| ആകെത്തുക | | | 23700 |

<u>2) സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100202)</u>

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 04.08.2015 | 1150110/3455 | ശ്രീ. വിജയൻ നായർ | 4800 |
| 30.09.2015 | 1150110/4562 | ശ്രീ.അശോക് കുമാർ | 628 |
| 18.09.2015 | 1150110/4839 | ശ്രീ.വിജയൻ നായർ | 4300 |
| 30.09.2015 | 1150110/4928 | ശ്രീ.വിജയൻ നായർ | 3700 |
| 15.03.2017 | 1160111/0101 | ശ്രീ.വിജയൻ നായർ | 3100 |
| 15.03.2017 | 1160111/0103 | ശ്രീ.വിജയൻ നായർ | 4300 |
| 15.03.2017 | 1160111/0105 | ശ്രീ.വിജയൻ നായർ | 3300 |
| 28.03.2017 | 1160111/0466 | എം.എസ്.സെൽസെർ പോളിമേഴ്സ് | 8000 |
| 31.07.2015 | 1150110/3336 | ശ്രീ.റെജി. | 800 |
| ആകെത്തുക | | | 32928 |

<u>3) കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100201)</u>

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 27.07.15 | 1150110/3139 | വി2 ഇൻഡസ്ട്രീസ് | 1300 |
| 27.07.15 | 1150110/3162 | ശ്രീ,വിജയൻ നായർ | 4800 |
| 27.07.15 | 1150110/3168 | ശ്രീ.വിൽസൺ.വി.വർക്കി | 4100 |
| 27.07.15 | 1150110/3248 | ശ്രീ.വിൽസൺ.വി.വർക്കി | 4100 |
| 30.07.15 | 1150110/3272 | ശ്രീ.പി.പി.കുര്യാക്കോസ് | 4400 |
| 30.07.15 | 1150110/3273 | ശ്രീ.പി.പി.കുര്യാക്കോസ് | 6400 |
| 30.07.15 | 1150110/3274 | ശ്രീ.പി.പി.കുര്യാക്കോസ് | 2500 |
| 15.01.16 | 1150110/7687 | വി2 ഇൻഡസ്ട്രീസ് | 2000 |
| ആകെത്തുക | | | 29600 |

<u>4)സപ്ലയേഴ്സ് ഇ.എം.ഡി (340100102)</u>

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 27.02.17 | 1160110/9502 | ശ്രീ.സി.ആർ വിജയൻ നായർ | 3300 |
| 27.02.17 | 1160110/9497 | ശ്രീ.സി.ആർ വിജയൻ നായർ | 3100 |
| 27.02.17 | 1160110/9498 | ശ്രീ.സി.ആർ വിജയൻ നായർ | 2000 |
| 27.02.17 | 1160110/9500 | ശ്രീ.സി.ആർ വിജയൻ നായർ | 4300 |
| 04.03.17 | 1160110/9730 | എം.എസ്.ഗ്ലോബൽ ക്വാളിറ്റി കൺസട്ടന്റ് | 600 |
| 04.03.17 | 1160110/9731 | എം.എസ് ഫാസ്റ്റർ മാർക്കറ്റിംങ് കൺസട്ടന്റ് | 600 |

| | | | |
|---|---|---|---|
| 16.03.17 | 1160110/9739 | എം.എസ്.സെൽസെർ പോളിമേഴ്സ് | 2000 |
| 16.03.17 | 1160110/9741 | എം.എസ്.സെൽസെർ പോളിമേഴ്സ് | 2000 |
| ആകെത്തുക | | | 17900 |

മേൽ സൂചിപ്പിച്ച കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 20/24.06.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ഐക്കരനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തികവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | വടവുകോട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 2 | മാവേലി സ്റ്റോർ, പഴന്തോട്ടം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/24.06.2021) തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തില്ല.

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2019-20 ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും എടുത്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/24.06.2021) ഭരണസമിതി തീരുമാനം എടുക്കുന്നതിന് തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10പട്ടിക IIന് വിധേയമായി ഓരോ വിഭാഗത്തിനും ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് നൽകുമ്പോൾ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് ഭരണസമിതി തീരുമാനത്തിന് വിധേയമായി ഫീസ് ഈടാക്കേണ്ടതാണ്.

1-23 ഹെഡ് മാസ്റ്റർ , ഗവ. യു. പി. സ്കൂൾ നിർവഹണം നടത്തിയ പ്രോജക്ട്

| | |
|---|---|
| പ്രൊജക്ട് | തുടർ സാക്ഷരത പരിപാടി |
| പ്രൊജക്ട് നം. | 85/2019-20 |
| അടങ്കൽ | തനത് ഫണ്ട്- 1,00,000/-രൂപ |
| ചെലവ് | 36,500/-രൂപ |
| ചെക്ക് നം. തീയതി | 2653890/ 30.03.2020/ STSB |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ഗവ. യു.പി. എസ്. കടമറ്റം |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 2 പഠിതാക്കളും (2x1750=3500) ഹയർ സെക്കന്ററി തുല്യതയ്ക്ക് ഒന്നാം വർഷം 8 പഠിതാക്കളും (8x2200=17600) രണ്ടാം വർഷം 7 പഠിതാക്കളും (7x2200=15400)രജിസ്റ്റർ ചെയ്ത് കോഴ്സ്ഫീസ് അടവാക്കായിട്ടുണ്ട്. എന്നാൽ ഈ പഠിതാക്കൾ കോഴ്സ് പാസ്സായതിൻെറ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പഠിതാക്കൾ എല്ലാവരും കോഴ്സ് പാസ്സായത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 2) ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് മഹാമാരിമൂലം 2020 മെയ് മാസത്തിൽ നടക്കേണ്ടിയിരുന്ന പരീക്ഷ നടക്കാതിരുന്നതിനാൽ ആണ് പരീക്ഷ പാസ്സായത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. പരീക്ഷ നടക്കുന്ന മുറയ്ക്ക് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം

ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-25 വിതരണ വിവരമില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ വനിതാ കേന്ദ്രങ്ങളിലേയ്ക്ക് ഫർണിച്ചർ പദ്ധതിയിൽ (പ്രോ.നം.22) 50000- വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് (ബിൽ നം.25/19-20/25-02-20) 100 കസേരകൾ സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണവിവരം ഫയലിൽ ഇല്ല. ഏതൊക്കെ കേന്ദ്രങ്ങളിലേയ്ക്ക് എത്ര കസേരകൾ വീതം നൽകിയെന്നത് അവരുടെ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(17/24.6.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവഴിച്ച 50000- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 മെഡിക്കൽ ഓഫീസർ, സി. എച്. സി., കടയിരിപ്പ് നിർവഹണം നടത്തിയ പ്രോജക്റ്റുകൾ

മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | പാലിയേറ്റീവ് പരിചരണം. |
| പ്രൊജക്റ്റ് നം. | 31/2019-20 |
| അടങ്കൽ | വികസന ഫണ്ട്- പൊതുവിഭാഗം 6,00,000/-രൂപ |
| ചെലവ് | 5,97,639/-രൂപ |
| ബിൽ നം. തീയതി , തുക | 10/2019-20/04.12.2019 , 90,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി. എച്. സി., കടയിരിപ്പ് |

മേൽ പ്രോജക്റ്റിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രൊഫോമ ഇൻവോയ്സ് നമ്പർ PRF2709/25.11.2019 പ്രകാരം നൽകിയിരിക്കുന്ന 90,000/-രൂപയിൽ ഇതുവരെയും 37,247/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 52,753/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാൻ ഉണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 10/23.6.21 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

മേൽ പ്രോജക്റ്റിനായി തനത് ഫണ്ടിൽ നിന്നും (ചെക്ക് നം. 2653885/24.03.21 തുക 45049/-) കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രൊഫോമ ഇൻവോയ്സ് നമ്പർ PRF5448/20.03.2020 പ്രകാരം നൽകിയിരിക്കുന്ന 20684/-രൂപയുടെ മരുന്നുകളിൽ ഇതുവരെ 15,378/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും ബാക്കി 5,306/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുള്ളതായും ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ, മരുന്നുകൾ മുതലായ വാങ്ങലുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്താണ് ഉപയോഗിക്കുന്നത് എന്നത് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മുൻകൂർ പണം നൽകുന്ന വാങ്ങലുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതും ആയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- രേഖകൾ പൂർണമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി പ്രകാരം (പ്രോ.നം.157) ജയകുമാർ P.I, പെരുമറ്റത്തിൽ എന്ന വ്യക്തിയ്ക്ക് 73861/- രൂപ തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. (ചെക്ക് നം. 050129/31-3-20). മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറായ ശ്രീ ജയകുമാറിന് മുൻവർഷം മുൻകൂറായി നൽകിയ 65000/- കഴിച്ചുള്ള ബാക്കി തുകയാണ് തൻവർഷം നൽകിയിരിയ്ക്കുന്നത്. ഒരു ലൈറ്റിന് 417/– നിരക്കിൽ വിവിധ വാർഡുകളിലായി 333 ലൈറ്റുകളുടെ മെയിന്റനൻസ് നടത്തിയെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിയ്ക്കുന്നത്. എന്നാൽ ഓരോ വാർഡിലും മെയിന്റനൻസ് നടത്തിയ പോയിന്റ് തിരിച്ചുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പഞ്ചായത്തിൽ ആകെയുള്ള തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രേഖകളില്ല. ഓരോ വാർഡിലുമുള്ള സാധാരണ ബൾബ്, സി എഫ് എൽ, ട്യൂബ് ലൈറ്റ്,എൽ.ഇ.ഡി ബൾബുകൾ എന്നിവയുടെ കൃത്യമായ എണ്ണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബിയ്ക്ക് 21/3/18 ൽ നൽകിയ കത്ത് ഫയലിലുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായതായി വ്യക്തമല്ല. പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കുംപ്രകാരമുള്ള തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും വാർഡ് തിരിച്ചുള്ള വിശദമായ

ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തൻവർഷത്തെ 73861/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

ഐക്കരനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ അംഗീകരിക്കപ്പെടുന്ന കരാറുകാർക്ക് പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള സെലക്ഷൻ നോട്ടീസ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നല്ലാതെ ആയതിന് നമ്പരോ തീയതിയോ ചേർക്കുന്നില്ല.

2. സെലക്ഷൻ നോട്ടീസുകളിൽ ആവശ്യമായ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല.

3. നോട്ടീസ് കരാറുകാർക്ക് നൽകുന്ന തീയതിയോ കരാറുകാർ കൈപ്പറ്റുന്ന തിയതിയോ ചേർക്കുന്നില്ല. 2011ലെ പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ IV.Ii.Ii.3 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റുന്ന തിയതിക്ക് വളരെ പ്രാധാന്യമുള്ളതാണ്. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/23.6.21) മറുപടി ലഭ്യമാക്കിയില്ല.

## 1-29 കരാറുകാരനിൽ നിന്നും നിശ്ചിത നിരക്കിൽ വരുമാന നികുതി ഈടാക്കിയില്ല.

പ്രോജക്റ്റ് നമ്പർ 38/19-20
പഴന്തോട്ടം പള്ളിത്താഴം കുഴിക്കാട്ടുമോളം ബൈലൈൻ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ്.
അടങ്കൽ- 503463 തനത് ഫണ്ട്.
കരാറുകാരൻ - മെസേഴ്സ് എ.എഫ്.എ.എഫ് കൺസ്ട്രക്ഷൻസ്
അളവ് പുസ്തകം നമ്പർ - 179/19-20, പ്രവർത്തിയുടെ ആകെ മൂല്യം 405015/- ചെക്ക് നമ്പർ - 2653861/5.2.2020

പഴന്തോട്ടം പള്ളിത്താഴം കുഴിക്കാട്ടുമോളം ബൈലൈൻ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് -പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇ-ടെണ്ടർ മുഖേന ഐറ്റം റേറ്റ് വ്യവസ്ഥയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെസേഴ്സ് എ.എഫ്.എ.എഫ് കൺസ്ട്രക്ഷൻസ് തെക്കേവടയത്ത് പെരിങ്ങാല പി.ഒ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് നൽകിയ സെലക്ഷൻ നോട്ടീസിൽ 28.11.19ന് മുമ്പ് കരാർ വെയ്ക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നോട്ടീസിന് നമ്പരോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നോട്ടീസ് കരാർ സ്ഥാപനം കൈപ്പറ്റിയതിന്റേയോ രജിസ്റ്റേഡായി അയച്ചതിന്റേയോ യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. നോട്ടീസിലെ മേൽവിലാസം തെറ്റായി രേഖപ്പെടുത്തിയതുമൂലം 03.12.19നാണ് നോട്ടീസ് ലഭിച്ചതെന്നും കരാർ വെക്കുവാനുള്ള സമയം ദീർഘിപ്പിച്ചു നൽകണമെന്നും കരാർ സ്ഥാപനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് പരിഗണിച്ചതായോ സമയം ദീർഘിപ്പിച്ചു നൽകിയതായോ ഉള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇൻകം ടാക്സ് നിയമം സെക്ഷൻ 194(ജെ) പ്രകാരം കരാർ സ്ഥാപനങ്ങളിൽ നിന്നും 2% നികുതി ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ അവസാന ബിൽ നൽകിയപ്പോൾ 1% വരുമാന നികുതി മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. ഇൻകം ടാക്സ് ഈടാക്കിയത്- 4050/-ഈടാക്കേണ്ടത് - 8100/- ഈയിനത്തിൽ കുറവ് വന്ന 4050/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.06.21) മറുപടി ലഭ്യമാക്കിയില്ല.

## 1-30 കാലിവീപ്പയുടെ വിലയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല.

ഐക്കരനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന് 18%നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 238രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ/ ചെക്ക് നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | 101/19-20 പുളിഞ്ചോട് എള്ളുവല റോഡ് മെറ്റലിംഗ് ടാറിംഗ് | അബ്ദുൾ സമദ് | 11 ബാരൽ | 2618 | 471 | 2653765/ 17.9.19 |
| 2 | 193/19-20 ചക്കുങ്ങൽതാഴം റോഡ് ടാറിംഗ് | എം.പി. മക്കാർ | 5 ബാരൽ | 1190 | 214 | 27/10-20/ 17.9.19 |
| 3 | 182/19-20 ആശ്രമം കവല കോളനി റോഡ് റീടാറിംഗ് | എം.പി. മക്കാർ | 19 ബാരൽ | 4522 | 814 | 28/19-20 17.9.19 |
| 4 | 164/19-20 കടയിരുപ്പ് PVIP കനാൽ ബണ്ട് റോഡ് ടാറിംഗ് | എം.പി. മക്കാർ | 24 ബാരൽ | 5712 | 1028 | 8/19-20 26.6.2019 |
| 5 | 159/19-20 മൂശാരിപടിഞ്ഞെരിയാംകുഴി റോഡ് റീ ടാറിംഗ് | എം.പി. മക്കാർ | 35 ബാരൽ | 8330 | 1499 | 17/19-20 12.7.19 |
| 6 | 136/19-20 ഭജനമഠം ഹരിജൻ കോളനി റോഡ് | എം.പി. മക്കാർ | 19 ബാരൽ | 4522 | 814 | 1/19-20 8.5.19 |
| 7 | 177/19-20 കടിയോളി പുഞ്ച റോഡ് റീ ടാറിംഗ് | ബേസിൽ എബ്രഹാം | 15 ബാരൽ | 3570 | 643 | 21/19-20 12.7.19 |
| 8 | 181/19-20 മാങ്ങാട്ടൂർ ലക്ഷംവീട് കോളനി റോഡ് | എം.പി. മക്കാർ | 15 ബാരൽ | 3570 | 643 | 18/19-20 12.7.19 |
| 9 | 181/19-20 കാരമോളയിൽ ജെ.സി.സി | എം.പി. മക്കാർ | 25 ബാരൽ | 5950 | 1071 | 33/19-20 18.1.20 |

| | | | | | | |
|---|---|---|---|---|---|---|
| | ക്ലബ്ബ് റോഡ് | | | | | |
| 10 | 175/19-20 കരിപ്പാശ്ശേരി പാപ്പാരി പീടികറോഡ് | എം.പി. മക്കാർ | 29 ബാരൽ | 6902 | 1242 | 23/19-20 12.7.19 |
| 11 | 174 നിരക്കല്ല് മോളം കോളനി റോഡ് | എം.പി. മക്കാർ | 8 ബാരൽ | 1904 | 343 | 22/19-20 12.7.19 |
| 12 | 198 പരമ്പര കോളനി കനാൽ ബണ്ട് റോഡ് റീടാറിംഗ് സൈഡ് കോൺ ക്രീറ്റിംഗ് | എം.പി. മക്കാർ | 16 ബാരൽ | 3808 | 685 | 7/19-20 26.6.19 |
| | ആകെ | | | | 9467 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.06.21) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 138908 | സമഗ്ര നെൽകൃഷി വികസനം കൂലിചെലവ് | 138908 | 00 |
| | 2019-20 | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 175000 | 00 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 175000 | ശാരീരിക മാനസിക | 175000 | 00 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | | |

1. 2018-19 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി ലഭിച്ച 360000രൂപ ചെലവഴിക്കപ്പെടാതെ 26.3.2020ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് വൗച്ചർ നമ്പർ 21901111 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

2.വിവിധ ഹരിജൻ കോളനികളുടെ നവീകരണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 ൽ ലഭിച്ച തുകയിൽ ചെലവഴിക്കുവാൻ ബാക്കിയുണ്ടായിരുന്ന 6163000/- രൂപയിൽ തൻവർഷം ചെലവഴിച്ച 11,67,983/- രൂപ കിഴിച്ച് ഈയിനത്തിൽ അവശേഷിക്കുന്ന 4995017/- രൂപ ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവർത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഈയിനത്തിൽ വരവ് ചെലവ് നീക്കിയിരിപ്പുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2019-20 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13172937 |
| തൻവർഷം നിക്ഷേപിച്ച തുക | 1037500 |
| ആകെ | 14210437 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14210437 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No. 7385/2,3 | 14210437 |
| ആകെ | 14210437 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 190436/- രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2009-10 | 2-2 | 1525 | സെക്രട്ടറി | 119010100724/ 9.5.2019 | ലൈസൻസ് ഫീസ് |
| 2009-10 | 2-3 | 1613 | എ.എം. പൗലോസ് | 119010100725/ | വാടക |

| | | | | | |
|---|---|---|---|---|---|
| | | | | 9.5.2019 | |
| 2009-10 | 3-1 | 3000 | ഹെബിമോൻ എബ്രഹാം ക്ലാർക്ക് | 119010100 723/ 9.5.2019 | ഫെസ്റ്റിവെൽ അഡ്വാൻസ് |
| 2005-06 | 2-2 | 100 | കാവേരി പെറ്റ്സ് | 119010100 635/ 6.5.2019 | ലൈസൻസ് ഫീ |
| 1998-99 | 3-2 | 916 | സെക്രട്ടറി | 119010100 861/ 17.5.2019 | തൊഴിൽ നികുതി |
| 2017-18 | 3-8 | 94924 | അസിസ്റ്റന്റ് എഞ്ചിനീയർ | 119010100 012/ 8.5.19 | വാടക കുടിശിക |
| 2018-19 | 1-17 | 2033 | സി.എം.വിജയൻ | 119010100 365/ 17.4.19 | വാടക കുടിശിക |
| 2018-19 | 1-17 | 2033 | സി.എം.വിജയൻ | 119010100 514/ 30.4.19 | വാടക കുടിശിക |
| 2018-19 | 1-17 | 4066 | സി.എം.വിജയൻ | 119010100 672/ 7.5.19 | വാടക കുടിശിക |
| 2018-19 | 1-17 | 2033 | സി.എം.വിജയൻ | 119010103 286/ 1.10.19 | വാടക കുടിശിക |
| 2018-19 | 1-17 | 2033 | സി.എം.വിജയൻ | 119010104 624/ 19.11.19 | വാടക കുടിശിക |
| 2018-19 | 1-17 | 4066 | സി.എം.വിജയൻ | 119010105 780/ 20.12.19 | വാടക കുടിശിക |
| 2018-19 | 1-17 | 8132 | സി.എം.വിജയൻ | 119010107 647/ 16.3.20 | വാടക കുടിശിക |
| 2018-19 | 1-17 | 4950 | ബിജു. എൻ.എ | 119010102 950/ 17.9.19 | വാടക കുടിശിക |
| 2018-19 | 1-17 | 1240 | ബാബു.കെ.കെ | 119010102 404/ 9.8.19 | വാടക കുടിശിക |
| 2018-19 | 1-17 | 17772 | സജീന്ദ്രൻ പി.ആർ | 119010100 039/ 4.4.19 | വാടക കുടിശിക |
| 2018-19 | 1-24 | 40000 | സൂസമ്മ ബേബി | 119010107 621/ 13.3.20 | ഭവന നിർമ്മാണ ധന സഹായം |
| ആകെ | | 190436 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | ത്തെ അവസ്ഥ |
| 2015-16 | 2-2 | 2015-16 | അനുബന്ധം 5 | തൊഴിൽ നികുതി | തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. |

4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63469405 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56971221 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 304503 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 69330 | ജോബിൻസ്.എ.കെ, വി.ഇ.ഒ, കോലഞ്ചേരി |
| 1-17 | 111312 | ഐ. വി. ഐസക്ക്, വി.ഇ.ഒ കോലഞ്ചേരി |
| 1-25 | 50000 | ജാനറ്റ് പോൾ, സെക്രട്ടറി |
| 1-27 | 73861 | ജാനറ്റ് പോൾ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-29 – 4050/-രൂപ

ഖണ്ഡിക 1-30 – 9467/- രൂപ

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ജോബിൻസ്.എ.കെ, വിഇഒ | വിഇഓ, ഐക്കരനാട് | അറക്കക്കുടി, വളയൻചിറങ്ങര |
| ഐ.വി. ഐസക്ക്, വിഇഒ | വി.ഇ.ഒ, ഐക്കരനാട് | സരോവരം, തോപ്പിൽക്കാട്ടേത്ത് റോഡ്, തിരുവാങ്കുളം |
| ജാനറ്റ് പോൾ, സെക്രട്ടറി | സെക്രട്ടറി, ഐക്കരനാട് | അലിയാട്ടുകുടി. പി.ഒ, വേങ്ങൂർ.പി.ഒ |

<u>4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം</u>

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 2007-08, 08-09, 2010-11 | 3-1,3-2,3-5, 3-7 | കെ.എസ്.എ.ഇ. കെ.എം പി1/636(I)/2019/9.7.19 |
| 2009-10 | 3-4,3-6,3-9 | കെ.എസ്.എ.ഇ. കെ.എം പി1/636(I)/2019/9.7.19 |
| 2011-12 | 3-1,3-3, 3-5(2),(3) | എകെ.എസ്.എ. ഇ.കെ.എം പി1/636(I)/2019/9.7.19 |
| 2012-13& 13-14 | 2-1,2-2(1), 3-3(1),3-2,3-4,3-5, 3-6,3-8,3-9,3-11,3-13,3-17,3-19, 3-21,3-22 | കെ.എസ്.എ. ഇ.കെ.എം പി1/234/2018/24.5.19 |
| 2014-15 | 3-2,3-3,3-6 | കെ.എസ്.എ. ഇ.കെ.എം പി1/235/2018/16.2.18 |
| 2015-16 | 2-2,3-1,3-2,3-6,3-8 | കെ.എസ്.എ. ഇ.കെ.എം പി1/236/2018/15.2.18 |
| 2016-17 | 2-5, 2-6, 2-7, 2-8(2),3-1,3-4,3-5,3-6,3-8 | കെ.എസ്.എ. ഇ.കെ.എം പിജി/1071/2020/ 24.11.20 |
| 2017-18 | 2-1, 2-2, 3-6, | കെ.എസ്.എ. ഇ.കെ.എം |

| | | |
|---|---|---|
| | | പിജി1/1071/2020/ 24.11.20 |
| 2018-19 | 1-14,1-16,1-17,1-19,1-21, 1-22, 1-23, 1-24,3-1 | കെ.എസ്.എ. ഇ.കെ.എം പി1/655/ 20/4.8.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്